"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റ് - സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി & ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023-ലെ റെഗുലേഷൻ 6-ൽ നിഷ്കർഷിക്കുന്ന പ്രകാരം ചുമതലപ്പെടുത്തിയ ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയേഴ്സിന്റെ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

സ.ഉ.(കൈ) നം.6/2024/POWER തീയതി,തിരുവനന്തപുരം, 15-10-2024

---

പരാമർശം:-

1. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി & ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ്, 2023.
2. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 30.05.2022, 09.09.2024 തീയതികളിലെ സി.ഇ.ഐ./14401/2020-ബി2 , 15.10.2024-ലെ സി.ഇ.ഐ./11389/2023-ബി2 നമ്പർ കത്തുകൾ.
3. സ.ഉ.(കൈ.) 4/2024/പവർ തീയതി: 13.09.2024.

**<u>ഉത്തരവ്</u>**

ഇലക്ട്രിസിറ്റി ആക്ട് 2003-ലെ സെക്ഷൻ 180(2) (ഒ)യും, സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി & ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ്, 2023-ലെ റെഗുലേഷൻ 6-ഉം അനുസരിച്ച് സർക്കാരിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് വൈദ്യുത പ്രതിഷ്ഠാപനങ്ങളുടെ ഉടമസ്ഥർ / ഉപഭോക്താക്കൾ / സപ്ലൈയർ എന്നിവർക്ക് സെൽഫ് സർട്ടിഫിക്കേഷൻ നടത്തുന്നതിന് വേണ്ട സാങ്കേതിക സഹായം നൽകുന്നതിനായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന് കീഴിൽ ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർമാരെ ചുമതലപ്പെടുത്തിയും ടി എഞ്ചിനിയർമാരുടെ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഉടൻ പുറപ്പെടുവിക്കുന്നതാണെന്നും പരാമർശം 3) പ്രകാരം ഉത്തരവായിരുന്നു.

2) സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി & ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ്, 2023-ലെ റെഗുലേഷൻ 6-ൽ നിഷ്കർഷിക്കുന്ന പ്രകാരം ഇലക്ട്രിക്കൽ ഇൻസ്റ്റലേഷൻസ് പരിശോധിക്കുന്നതിനായുള്ള ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർമാരുടെ പ്രവർത്തനം സംബന്ധിച്ച കരട് മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം 2 പ്രകാരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ വൈദ്യുത പ്രതിഷ്ഠാപനങ്ങളുടെ ഉടമസ്ഥർ / ഉപഭോക്താക്കൾ / സപ്ലൈയർ

എന്നിവർക്ക് സെൽഫ് സർട്ടിഫിക്കേഷൻ നടത്തുന്നതിന് സാങ്കേതിക സഹായം നൽകുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന് കീഴിൽ പരാമർശം 3 പ്രകാരം ചുമതലപ്പെടുത്തിയ ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർമാരുടെ പ്രവർത്തനം സംബന്ധിച്ച് ഇതോടൊപ്പം ചേർത്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

ധനകാര്യവും നിയമവും ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.
എല്ലാ സർക്കാർ വകുപ്പ് / സ്ഥാപന മേധാവികൾക്കും.
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ)വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manoj S
Date: 29-10-2024 15:52:18
സെക്ഷൻ ഓഫീസർ

## ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനീർമാരുടെ (CESE) പ്രവർത്തനം സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

ഇലക്ട്രിസിറ്റി ആക്ട് 2003 ലെ സെക്ഷൻ 180 (2) (ഒ) യും, സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി ആൻഡ് ഇലക്ട്രിക് സപ്ലൈ), റെഗുലേഷൻസ് 2023 ലെ റെഗുലേഷൻ 6 ഉം അനുസരിച്ച് സർക്കാരിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് വൈദ്യുത പ്രതിഷ്ഠാപനങ്ങളുടെ ഉടമസ്ഥർ/ ഉപഭോക്താക്കൾ/ സപ്ലയർ എന്നിവർക്ക് സെൽഫ് സർട്ടിഫിക്കേഷൻ നടത്തുന്നതിനായി ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എൻജിനീയർമാരെ ചുമതലപ്പെടുത്തുന്നു.

ഇലക്ട്രിസിറ്റി ആക്ട് 2003 ഉം, സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി ആൻഡ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023 ഉം വൈദ്യുത പ്രതിഷ്ഠാപനങ്ങളുടെ വൈദ്യുത സുരക്ഷ ഉറപ്പു വരുത്തുന്നതിനുള്ള പരിശോധനകളും, ടെസ്റ്റിംഗുകളും നിർണ്ണയിച്ചിട്ടുണ്ട്. ഇതു പ്രകാരം, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ പരിധിയിൽ വരുന്ന വൈദ്യുത പ്രതിഷ്ഠാപനങ്ങളുടെ സുരക്ഷാ പരിശോധന സംബന്ധിച്ച് ഇലക്ട്രിസിറ്റി ആക്ട് 2003, സെക്ഷൻ 162 (1) ഉം സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി ആൻഡ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023, റെഗുലേഷൻ 32,34,38,45 എന്നിവകളുടെയും അടിസ്ഥാനത്തിൽ സർക്കാർ, ജി ഒ (പി) 23/2013/പി ഡി തീയതി 20–05–2013, ജി ഒ (പി) നമ്പർ : 04/2023/Power തീയതി 18/09/2023 എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതോടൊപ്പം പ്രസ്തുത സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി ആൻഡ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023 ൽ വൈദ്യുത പ്രതിഷ്ഠാപനങ്ങളുടെ സെൽഫ് സർട്ടിഫിക്കേഷൻ നടത്തുന്നത് സംബന്ധിച്ചും പ്രതിപാദിച്ചിട്ടുണ്ട്. ഇതു പ്രകാരം വൈദ്യുത പ്രതിഷ്ഠാപനങ്ങളുടെ ഉടമസ്ഥർ/ഉപഭോക്താവ്/സപ്ലയർ എന്നിവരെ സഹായിക്കുന്നതിന് ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എൻജിനിയർമാരെ നിയോഗിക്കുന്നതിനും അവരുടെ പ്രവർത്തന പരിധി ക്രമീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾക്കും വേണ്ടി മാർഗ്ഗ നിർദ്ദേശങ്ങൾ താഴെ പറയുന്നത് പ്രകാരമാണ്.

1. **ചുരുക്കപേരും പ്രാരംഭവും**

   ഈ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് "ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനീർമാരുടെ (CESE) പ്രവർത്തനം സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ " എന്ന പേരു പറയാം.

2. **നിർവ്വചനങ്ങൾ** : ഈ മാർഗ്ഗ നിർദ്ദേശങ്ങളിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,

(എ) ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എൻജിനിയർ – സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി ആൻഡ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023 ലെ റെഗുലേഷൻ 6 പ്രകാരം സർക്കാർ അധികാരപ്പെടുത്തിയിരിക്കുന്ന വ്യക്തി.

(ബി) നോട്ടിഫൈഡ് വോൾട്ടേജ്– സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി ആൻഡ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023 പ്രകാരം സർക്കാർ സെൽഫ് സർട്ടിഫിക്കേഷന്റെ പരിധി നിർണ്ണയിക്കുന്നതിനു വേണ്ടി നിശ്ചയിച്ചിരിക്കുന്ന വോൾട്ടേജ്.

(സി) സെൽഫ് സർട്ടിഫിക്കേഷൻ : സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി ആൻഡ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023 പ്രകാരം ഉടമസ്ഥർ/ ഉപഭോക്താവ് / സപ്ലയർ തങ്ങളുടെ വൈദ്യുത പ്രതിഷ്ഠാപനങ്ങളിൽ ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എൻജിനിയർമാരുടെ സഹായത്തോടെ സുരക്ഷാ പരിശോധന നടത്തി സ്വയം സാക്ഷ്യപ്പെടുത്തുന്നത്.

3. **യോഗ്യത :**

1. അംഗീകൃത സ്ഥാപനങ്ങളിൽ നിന്നുള്ള ഇലക്ട്രിക്കൽ എഞ്ചിനിയറിംഗ് ബിരുദവും / തത്തുല്യ യോഗ്യതയും വൈദ്യുത പ്രതിഷ്ഠാപനങ്ങളുടെ പ്രവർത്തനത്തിലും പരിപാലനത്തിലുമുള്ള 5 വർഷത്തെ പ്രവൃത്തി പരിചയവും വൈദ്യുത നിയമങ്ങൾ, ഇന്ത്യൻ സ്റ്റാൻഡേർഡ്, കോഡ് എന്നിവ സംബന്ധിച്ചുള്ള പരിജ്ഞാനവും

   അല്ലെങ്കിൽ

   അംഗീകൃത സ്ഥാപനങ്ങളിൽ നിന്നുള്ള ഇലക്ട്രിക്കൽ എഞ്ചിനിയറിംഗ് ഡിപ്ലോമയും, വൈദ്യുത പ്രതിഷ്ഠാപനങ്ങളുടെ പ്രവർത്തനത്തിലും പരിപാലനത്തിലുമുള്ള 10 വർഷത്തെ പ്രവർത്തി പരിചയവും, വൈദ്യുത നിയമങ്ങൾ, ഇന്ത്യൻ സ്റ്റാൻഡേർഡ്, കോഡ് എന്നിവ സംബന്ധിച്ചുള്ള പരിജ്ഞാനവും.
2. ടി അപേക്ഷകൻ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് നടത്തുന്ന പരീക്ഷ/ അഭിമുഖത്തിന് അനുബന്ധം I ൽ കൊടുത്തിരിക്കുന്ന മാതൃകയിലുള്ള പൂർണ്ണമായി പൂരിപ്പിച്ച ഫോറത്തിൽ അപേക്ഷിക്കേണ്ടതും അപേക്ഷ ഫീസ് ആയി 500/- * രൂപ, 0043–102–99 എന്ന ശീർഷകത്തിൽ അടക്കേണ്ടതുമാണ്. ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനീയർമാർ സർക്കാർ / അർദ്ധ സർക്കാർ / പി എസ് യു / ഇലക്ട്രിക്കൽ കോൺട്രാക്ടർ എന്നിവയിലോ അനുബന്ധ സ്ഥാപനങ്ങളിലോ ഒരു സ്ഥാനവും വഹിക്കുന്ന വ്യക്തികൾ ആയിരിക്കുവാൻ പാടില്ല. പരീക്ഷ/ അഭിമുഖം വിജയിക്കുന്നവരെയാണ് ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനീയർമാരായി അംഗീകരിക്കുന്നതിന് പരിഗണിക്കുന്നത്. ഇതിനായുള്ള സിലബസ് അനുബന്ധം II ൽ പറയുന്നു. കൂടാതെ, ഒറ്റ തവണ ഫീസായി 10000/–* രൂപ രജിസ്ട്രേഷൻ സമയത്ത് 0043–00–102–99 എന്ന ശീർഷകത്തിൽ അടയ്ക്കുന്ന മുറയ്ക്ക് മറ്റു മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് 10 വർഷത്തേക്ക് ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനീയർ ആയി അനുബന്ധം VI പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.
3. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൽ അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിലോ അതിനു മുകളിലോ ആകെ 10 വർഷത്തിൽ കുറയാതെ സേവനമനുഷ്ഠിച്ച് ടി തസ്തികയിൽ നിന്നും വിരമിച്ച അപേക്ഷകർ പരീക്ഷ / അഭിമുഖം കൂടാതെ അപേക്ഷാ ഫീസ് 500/–* രൂപയും ഒറ്റ തവണ ഫീസായി 10000/–* രൂപ രജിസ്ട്രേഷൻ സമയത്ത് 0043–00–102–99 എന്ന ശീർഷകത്തിൽ അനുബന്ധം I ൽ ഉള്ള മാതൃകയിൽ അപേക്ഷ സമർപ്പിക്കുന്ന

മുറയ്ക്ക് മറ്റു മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് 10 വർഷത്തേക്ക് ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനീയർ ആയി അനുബന്ധം VI പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

4. ഈ അംഗീകാരം പുതുക്കലിന് ഫീസായി 5000/-* രൂപ 0043-00-102-99 എന്ന ശീർഷകത്തിൽ സർക്കാരിലേക്ക് ഒടുക്കി അപേക്ഷ സമർപ്പിക്കേണ്ടതാണ്. അംഗീകാരം നൽകലിലും പുതുക്കലിലും 7(3) ലെ വ്യവസ്ഥ ബാധകമായിരിക്കും.
5. പരീക്ഷ/ അഭിമുഖം ജയിക്കുന്നവർക്ക് അനുബന്ധം III പ്രകാരവും പരീക്ഷ അഭിമുഖത്തിൽ നിന്ന് ഒഴിവാക്കുന്നവർക്ക് അനുബന്ധം IV പ്രകാരവും ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർ ആയി യോഗ്യതാ സാക്ഷ്യപത്രം നൽകുന്നു.

## 4. സേഫ്റ്റി ഇലക്ട്രിക്കൽ എൻജിനീയർമാരുടെ തെരഞ്ഞെടുക്കൽ

1. ഈ മാർഗ്ഗ നിർദ്ദേശങ്ങളിൽ പറയുന്ന നിശ്ചിത യോഗ്യതയുള്ളവരിൽ നിന്നും യോഗ്യതാ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എൻജിനിയർമാരെ തെരഞ്ഞെടുക്കുന്നതിന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറെ അധികാരപ്പെടുത്തുന്നു.
2. ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എൻജിനിയർമാരെ തെരഞ്ഞെടുക്കുന്നതിന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/അദ്ദേഹത്തിന്റെ നോമിനിക്ക് ഈ മാർഗ്ഗ നിർദ്ദേശം അനുവദിക്കുന്ന പരീക്ഷ / അഭിമുഖം നടത്താവുന്നതാണ്. അഭിമുഖം നടത്തുന്നതിന് സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്ക് മൂന്ന വർഷത്തെ കാലാവധിയുള്ള ഒരു വിദഗ്ധ സമിതി രൂപീകരിക്കാവുന്നതാണ്.
3. ഈ വിദഗ്ധ സമിതിയുടെ അദ്ധ്യക്ഷൻ അഡീഷണൽ ചീഫ് ഇലക്ടിക്കൽ ഇൻസ്പെക്ടർ ആയിരിക്കും. കൂടാതെ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ടിക്കൽ വിഭാഗത്തിലെ പ്രൊഫസർ, വ്യാവസായിക മേഖലയിലെ വിദഗ്ദൻ എന്നിവർ മെമ്പർമാരും ആയിരിക്കുന്നതാണ്.
4. ഇപ്രകാരം തെരഞ്ഞെടുക്കുന്ന ചാർട്ടേർഡ് സേഫ്റ്റി ഇലക്ട്രിക്കൽ എൻജിനിയർമാരുടെ പട്ടിക ഉടമസ്ഥർ/ ഉപഭോക്താവ്/ സപ്ലയർ എന്നിവരുടെ അറിവിലേക്കായി ഇലക്ടിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ വെബ്ബ് പോർട്ടലിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

5. **ജോലിയുടെ പരിധി :** ഇപ്രകാരം നിയോഗിക്കപ്പെടുന്ന ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എൻജിനിയർമാർക്ക് ജി.ഒ.(പി) നം. 04/2023/Power തീയതി 18/09/2023-ന്റെ പാര 3 & 5 പരിധിയിൽ ഉള്ള പ്രതിഷ്ഠാപനങ്ങളുടെ ഉപഭോക്താവിനെ/ ഉടമസ്ഥനെ/ സപ്ലയറെ സെൽഫ് സർട്ടിഫിക്കേഷന് സഹായിക്കാവുന്നതാണ്.

പ്രസ്തുത പ്രതിഷ്ഠാപനങ്ങളുടെ ഉപഭോക്താവിന് / ഉടമസ്ഥന്/ സപ്ലയർക്ക് ആവശ്യമെങ്കിൽ ഈ സേവനം ഇലക്ടിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ അതാത് ജില്ലാ ഓഫീസിൽ നിന്നും ലഭ്യമാക്കാവുന്നതാണ്.

## 6. ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എൻജിനിയർമാർക്ക് ഈടാക്കാവുന്ന നിരക്കുകൾ

1. മാർഗ്ഗ നിർദ്ദേശം 5 പ്രകാരമുള്ള പ്രതിഷ്ഠാപനങ്ങളുടെ പ്രാഥമിക പരിശോധനാ നിരക്ക് വ്യാവസായിക സ്ഥാപനങ്ങൾക്ക് 5000/-* രൂപയും ഗാർഹിക

പ്രതിഷ്ഠാപനങ്ങൾക്ക് 2000/–* രൂപയും ആയിരിക്കും. കാലാകാലങ്ങളിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇതിൽ വ്യതിയാനങ്ങൾ ഉണ്ടാകുന്നതാണ്.

2. മാർഗ്ഗ നിർദ്ദേശം 5 പ്രകാരമുള്ള പ്രതിഷ്ഠാപനങ്ങളുടെ ആനുകാലിക പരിശോധനാ നിരക്ക് വ്യാവസായിക സ്ഥാപനങ്ങൾക്ക് 4000/–* രൂപയും ഗാർഹിക പ്രതിഷ്ഠാപനങ്ങൾക്ക് 1000/–* രൂപയും ആയിരിക്കും കാലാകാലങ്ങളിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇതിൽ വ്യതിയാനങ്ങൾ ഉണ്ടാകുന്നതാണ്.
3. 6.1, 6.2 പ്രകാരം ഒടുക്കുന്ന ഫീസിന്റെ 10% സർക്കാരിലേക്ക് അടയ്ക്കേണ്ടതും ആയതിന്റെ റെസിപ്റ്റിന്റെ പകർപ്പ് അനുബന്ധം VII/VIII നോടോപ്പം സമർപ്പിക്കേണ്ടതുമാണ്.
4. BPL കുടുംബത്തിൽപ്പെട്ടവർക്ക് ഗാർഹിക പ്രതിഷ്ഠാപനങ്ങളുടെ പരിശോധനയ്ക്ക് സർക്കാരിലേക്കുള്ള 10 % ഫീസ് ഒഴിവാക്കി, പരിശോധന നിരക്ക് 500/-* രൂപ ആയിരിക്കും.
5. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി ആൻഡ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023 ലെ നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഫോം ഉടമസ്ഥൻ/ ഉപഭോക്താവ്/ സപ്ലയർ ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എൻജിനിയർമാർ മുഖാന്തിരം ബന്ധപ്പെട്ട ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്ക് സെൽഫ് സർട്ടിഫിക്കേഷൻ അംഗീകരിക്കുന്നതിനായി സമർപ്പിക്കേണ്ടതാണ്.
6. ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനീയറുടെ ഫീസ് ഓൺലൈൻ മാർഗേണ ഈടാക്കേണ്ടതാണ്.

## 7. ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയറുടെ രജിസ്ട്രേഷൻ / പുതുക്കൽ

1. അപേക്ഷാ ഫീസ് 500/–* രൂപ 0043–00–102–99 എന്ന ശീർഷകത്തിൽ അടച്ച് അനുബന്ധം I ൽ ഉളള മാതൃകയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. പരീക്ഷ/ അഭിമുഖം ജയിക്കുന്നവർക്ക് അനുബന്ധം III/ IV പ്രകാരം ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർ ആയി യോഗ്യതാ സാക്ഷ്യപത്രം നൽകുന്നു.
2. രജിസ്ട്രേഷൻ : നിശ്ചിത അംഗീകാരം (യോഗ്യതാ സാക്ഷ്യപത്രം) ലഭിച്ച വ്യക്തികൾ, ഒറ്റ തവണ ഫീസായ 10000/– രൂപ അടച്ച് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (അനുബന്ധം VI) ഈ വകുപ്പിലെ ഓഫീസിൽ നിന്നും കൈപ്പറ്റേണ്ടതാണ്.
3. പുതുക്കൽ : അനുബന്ധം V ൽ കൊടുത്തിരിക്കുന്ന മാതൃകയിലുള്ള പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷയോടൊപ്പം മറ്റു രേഖകൾ സഹിതം ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ ഓൺലൈൻ/ ഓഫ്ലൈൻ ആയി അപേക്ഷിക്കേണ്ടതാണ്.
4. രജിസ്ട്രേഷനായി തെരഞ്ഞെടുത്ത ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർമാർക്ക് 10 വർഷത്തേക്ക് അനുബന്ധം VI പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതും അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അല്ലെങ്കിൽ അദ്ദേഹത്തിന്റെ നോമിനിക്ക് 5 വർഷം വീതം നീട്ടി നൽകാവുന്നതും ആണ്. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് അപേക്ഷകർക്ക് കുറഞ്ഞ പ്രായപരിധി 25 വയസ്സും പരമാവധി പ്രായം 65 വയസ്സുമായിരിക്കണം. 70 വയസ്സു വരെ മാത്രമേ ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർ രജിസ്ട്രേഷൻ നീട്ടി നൽകാൻ സാധിക്കുകയുള്ളു.

പുതുക്കലിനുള്ള അപേക്ഷ, കാലാവധി തീരുന്ന തീയതിക്ക് 30 ദിവസം മുമ്പ് ലഭിച്ചിരിക്കണം. അപേക്ഷ ലഭിക്കേണ്ടുന്ന തീയതി കഴിഞ്ഞ് കിട്ടുന്ന അപേക്ഷകരിൽ

നിന്നും താമസിക്കുന്ന ഓരോ ദിവസത്തിനും 20/-* രൂപ വീതം പിഴ ഈടാക്കാവുന്നതാണ്. ഇങ്ങനെ കാലാവധി തീരുന്ന ദിവസം വരെ ലഭിക്കുന്ന അപേക്ഷകൾ പുതുക്കി നൽകാവുന്നതാണ്. ചുരുങ്ങിയ പിഴ 100/-* രൂപയും കൂടിയ പിഴ 1800/-* രൂപയും ആയിരിക്കും.

കാലാവധി തീരുന്ന ദിവസം മുതൽ 3 മാസം കഴിയുന്നതോടെ രജിസ്ട്രേഷൻ റദ്ദാവുന്നതും വകുപ്പിന്റെ വെബ് പോർട്ടലിലെ ലിസ്റ്റിൽ നിന്നും ടിയാനെ നീക്കം ചെയ്യുന്നതുമാണ്.

കാലാവധിക്ക് ശേഷം 3 മാസം വരെയുള്ള കാലയളവിൽ അപേക്ഷകർക്ക് 7.3 പ്രകാരം അപേക്ഷ സമർപ്പിക്കുകയും ഫൈൻ ഒടുക്കുകയും ചെയ്തു കൊണ്ട് രജിസ്ട്രേഷൻ പുതുക്കാവുന്നതാണ്. അല്ലെങ്കിൽ 7.2 പ്രകാരം ഫീസ് അടച്ച് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈപ്പറ്റേണ്ടതാണ്.

## 8. ചുമതലകൾ

1. നിലവിലെ റെഗുലേഷനുകൾ/സ്റ്റാൻഡേർഡുകൾ/സർക്കാർ ഉത്തരവുകൾ പ്രകാരവും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ പരിശോധനാ പരിധിയിൽപ്പെടാത്തതുമായ പ്രതിഷ്ഠാപനങ്ങളുടെ പരിശോധനകൾ ഉപഭോക്താവിന്റെ അപേക്ഷ ലഭിക്കുന്ന പ്രകാരം നടത്തുക.

2. ടി പ്രതിഷ്ഠാപനങ്ങളുടെ പരിശോധനാ വിവരങ്ങൾ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി ആൻഡ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023 ലെ <u>ഫോറം I/ II</u> ൽ രേഖപ്പെടുത്തി ഉടമസ്ഥൻ/ ഉപഭോക്താവ്/ സപ്ലയർ സാക്ഷ്യപ്പെടുത്തി അസ്സൽ പാർട്ടിക്കും പകർപ്പ് ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്കും നൽകേണ്ടതാണ്. കൂടാതെ ഈ മാർഗ്ഗനിർദ്ദേശത്തിലെ അനുബന്ധം VII/ VIII എന്നിവയിലും വിവരങ്ങൾ രേഖപ്പെടുത്തി <u>ഫോറം I/ II</u> നോടൊപ്പം ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്ക് 15 പ്രവർത്തി ദിവസങ്ങൾക്കകം സമർപ്പിക്കേണ്ടതാണ്. ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർ നൽകുന്ന ഫോറങ്ങൾ അതാത് ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, പരിശോധിച്ച് തൃപ്തികരമെങ്കിൽ അംഗീകാരം നൽകുകയോ തൃപ്തികരമല്ലെങ്കിൽ പ്രതിഷ്ഠാപനത്തിന്റെ പരിശോധന നടത്തുകയോ ചെയ്യാവുന്നതാണ്. അനുബന്ധം VIII പ്രകാരം ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർ നൽകുന്ന ന്യൂനതകൾ പരിഹരിക്കാൻ ആവശ്യപ്പെട്ട് ഫോറം നൽകുന്ന പക്ഷം ഉടമസ്ഥൻ/ ഉപഭോക്താവ്/ സപ്ലയർ ന്യൂനത റിപ്പോർട്ട് കിട്ടി 15 ദിവസത്തിനകം ന്യൂനതാ പരിഹാര റിപ്പോർട്ട് ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർക്ക് നൽകേണ്ടതാണ്. ആയത് തൃപ്തികരമെങ്കിൽ ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർക്ക് സെൽഫ് സർട്ടിഫിക്കേഷൻ റിപ്പോർട്ട് നൽകാവുന്നതാണ്. ന്യൂനതാ റിപ്പോർട്ടിൽ, ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർ നൽകുന്ന ശുപാർശകൾ ഉടമ നടപ്പിലാക്കേണ്ടതാണ്. നിശ്ചിത കാലയളവിനു ശേഷവും ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർ കണ്ടെത്തിയ പോരായ്മകൾ പരിഹരിക്കുന്നതിൽ ഉടമ പരാജയപ്പെടുന്ന സാഹചര്യത്തിൽ, തിരുത്തൽ റിപ്പോർട്ടിൽ നിർദ്ദേശിച്ചിരിക്കുന്ന സമയപരിധി കഴിഞ്ഞ് 15 ദിവസത്തിനുള്ളിൽ

ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർ ഇക്കാര്യം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ട റെ അല്ലെങ്കിൽ അദ്ദേഹത്തിന്റെ നോമിനിയെ അറിയിക്കേണ്ടതാണ്.

3. ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർമാർ നടത്തുന്ന പരിശോധനകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം IX ൽ പറയുന്ന ഫോമിൽ ഡിജിറ്റൽ/ റിക്കോർഡ് സൂക്ഷിക്കേണ്ടതാണ്. ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അല്ലെങ്കിൽ അദ്ദേഹത്തിന്റെ നോമിനി ആവശ്യപ്പെടുന്നതനുസരിച്ച് പ്രസ്തുത ഡിജിറ്റൽ / റെക്കോർഡ് പരിശോധനക്ക് സമർപ്പിക്കേണ്ടതാണ്.

4. ഉപഭോക്താവ്/ ഉടമ / സപ്ലയറുടെ പ്രതിഷ്ഠാപനം പരിശോധന നടത്തുന്ന ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർക്ക് ടി പ്രതിഷ്ഠാപനം അപകടകരമായ അവസ്ഥയിൽ ആണെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ വിവരം 48 മണിക്കൂറിനകം ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/ഇലക്ട്രിക്കൽ ഇൻസ്പെക്ടറെ അറിയിക്കേണ്ടതാണ്.

5. ഇപ്രകാരം അറിയിപ്പ് ലഭിച്ചാൽ ആനുകാലിക പരിശോധന റിപ്പോർട്ട് ആണെങ്കിൽ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അല്ലെങ്കിൽ അദ്ദേഹത്തിന്റെ നോമിനി പ്രതിഷ്ഠാപനം പരിശോധിച്ച് ആവശ്യമെങ്കിൽ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി ആൻഡ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023 ലെ റെഗുലേഷൻ 36 (2) പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.

## 9. മറ്റു നിബന്ധനകൾ

1. നിർമ്മാതാവ്/ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ എന്നിവർ നിഷ്ക്കർഷിക്കുന്ന പ്രകാരവും, ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാർഡേർഡ്സിന്റെ പ്രസക്തമായ കോഡുകൾ പ്രകാരവും പ്രതിഷ്ഠാപനം അപകടരഹിതമായി പരിപാലിക്കുകയും നിലനിർത്തുകയും ചെയ്യേണ്ടത് ഉടമയുടെ ഉത്തരവാദിത്വമാണ്.
2. ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനീയർ തന്റെ ചുമതലകളിൽ മനഃപൂർവ്വം വീഴ്ച വരുത്തുകയോ തന്റെ അധികാര പരിധിയിൽ വരാത്ത പ്രതിഷ്ഠാപനങ്ങൾ സർട്ടിഫൈ ചെയ്യുകയോ, പ്രതിഷ്ഠാപനത്തിന്റെ സുരക്ഷയെ നേരിട്ടോ അല്ലാതെയോ ബാധിക്കുന്ന കാര്യങ്ങൾ ചെയ്യുന്നതായി ബോധ്യപ്പെടുകയോ വൈദ്യുത നിയമങ്ങൾ പാലിക്കാതിരിക്കുകയോ ചെയ്താൽ അഡിഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ / അദ്ദേഹത്തിന്റെ നോമിനിക്ക് ടിയാളുടെ രജിസ്ട്രേഷൻ താത്ക്കാലികമായോ സ്ഥിരമായോ റദ്ദു ചെയ്യാൻ സാധിക്കുന്നതായിരിക്കും. എന്നാൽ ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനീയർമാർക്ക് തന്റെ പക്ഷം അവതരിപ്പിക്കുവാൻ അവസരം നൽകിയ ശേഷം മാത്രമേ ഇപ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ പാടുള്ളൂ. ഇത്തരത്തിൽ വൈദ്യുതി നിയമം 2003, വ്യവസ്ഥകളോ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേർസ് റിലേറ്റിംഗ് ടു സേഫ്റ്റി & ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023 ലെ റെഗുലേഷനോ, മേൽ മാർഗ്ഗനിർദ്ദേശങ്ങളിലെ വ്യവസ്ഥകൾ തെറ്റിക്കുകയോ വൈദ്യുത സുരക്ഷയെ നേരിട്ടോ അല്ലാതെയോ ബാധിക്കുന്നതോ ആയ കാര്യങ്ങൾ ആരെങ്കിലും ചെയ്യുന്നതായി ബോദ്ധ്യപ്പെടുകയോ അതുമൂലം ജീവഹാനിയുണ്ടാകുകയോ തീപിടുത്തം മൂലം വസ്തുക്കൾക്കും വൈദ്യുത

ഉപകരണങ്ങൾക്കും നാശമുണ്ടാകുകയോ ചെയ്താൽ വൈദ്യുതി നിയമം, 2003 ലെ സെക്ഷൻ 146 പ്രകാരമുള്ള നടപടി സ്വീകരിക്കുവാൻ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്കോ അദ്ദേഹത്തിന്റെ നോമിനിക്കോ അധികാരമുണ്ടായിരിക്കുന്നതാണ്.

3. രജിസ്ട്രേഷൻ താൽക്കാലികമായോ സ്ഥിരമായോ റദ്ദാക്കുന്ന തീരുമാനത്തിൽ തർക്കമുള്ള പക്ഷം തീരുമാന തീയതിക്ക് ശേഷം 30 ദിവസത്തിനകം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്ക് അപ്പീൽ നൽകാവുന്നതാണ്.
4. ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനീയർ പരിശോധിച്ച ഏതു പ്രതിഷ്ഠാപനവും ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അല്ലെങ്കിൽ അദ്ദേഹത്തിന്റെ നോമിനിക്ക് പുനഃപരിശോധന നടത്താവുന്നതാണ്.
5. ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനീയർ പരിശോധനയ്ക്കായി ഉപയോഗിക്കാവുന്ന ഉപകരണങ്ങൾ സർക്കാർ അംഗീകൃത ലാബുകളിൽ വർഷത്തിൽ ഒരിക്കലെങ്കിലും പരിശോധിച്ചിരിക്കണം. ടി ഉപകരണങ്ങളുടെ വിവരങ്ങൾ അനുബന്ധം X ൽ പറയുന്നു.

* കുറിപ്പ്: ഫീസിന്റെ വിവരങ്ങൾ സർക്കാർ അതാത് കാലയളവിൽ നിഷ്ക്കർഷിക്കുന്നതിനനുസരിച്ച് സർക്കാർ ട്രഷറിയിൽ 0043-00-102-99 എന്ന ശീർഷകത്തിൽ അടച്ച് ചലാൻ രസീത് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്

## അനുബന്ധം 1

………… തീയതിയിലെ ജി ഒ ………… ക്രമ നമ്പർ 3 (2)

ചാർട്ടേർഡ് ഇലക്ടിക്കൽ സേഫ്റ്റി എഞ്ചിനീയർമാരെ തിരഞ്ഞെടുക്കുന്നതിനുള്ള പരീക്ഷ / ഇന്റർവ്യൂവിലേക്കുള്ള അപേക്ഷ

| സമീപകാലത്ത് എടുത്ത കളർ പാസ്സ്പോർട്ട് സൈസ് ഫോട്ടോ |
|---|

| | | |
|---|---|---|
| 1 | അപേക്ഷകന്റെ പേര്<br>മാതൃഭാഷയിൽ<br>In English (Block letters) | |
| 2 | ലിംഗം | പുരുഷൻ ☐ സ്ത്രീ ☐<br>ട്രാൻസ്ജെൻഡർ ☐ |
| 3 | ജനന തിയതി | |
| 4 | മേൽ വിലാസം | |
| 5 | വിദ്യാഭ്യാസ യോഗ്യത | |
| 6 | പ്രവർത്തി പരിചയം | |
| 7 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും വിരമിച്ച ആളാണോ | അതെ ☐ അല്ല ☐ |
| 8 | പരീക്ഷ/ ഇന്റർവ്യൂ – ഫീസ് വിവരങ്ങൾ | |

ഇവിടെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ സത്യസന്ധമാണെന്നും അല്ലാത്ത വിധം തെളിഞ്ഞാൽ അതിനുള്ള ഉത്തരവാദിത്തം എനിക്കു മാത്രമാണെന്നും സത്യപ്രസ്താവന ചെയ്യുന്നു.

ഒപ്പ് :

തീയതി: അപേക്ഷകന്റെ പേര് :

ഉള്ളടക്കം :

1. ഫീസ് ഒടുക്കിയതിന്റെ രസീത്
2. മേൽ വിലാസം, ജനന തീയതി ഇവ തെളിയിക്കുന്ന രേഖകളുടെ പകർപ്പ് (സ്വയം സാക്ഷ്യപ്പെടുത്തിയത്)
3. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് (സ്വയം സാക്ഷ്യപ്പെടുത്തിയത്)
4. പ്രവർത്തിപരിചയത്തിന്റെ പകർപ്പ് (സ്വയം സാക്ഷ്യപ്പെടുത്തിയത്)

അനുബന്ധം II

............ തീയതിയിലെ ജി.ഒ ....................................ക്രമനമ്പർ 3(2)

സിലബസ്

1. വൈദ്യുത ഘടകങ്ങളും അളവു സമ്പ്രദായവും

വൈദ്യുത സർക്യൂട്ട് ഘടകങ്ങളേയും പരാമീറ്ററുകളേയും കുറിച്ചുള്ള അടിസ്ഥാന വിവരം, കറണ്ട്, വോൾട്ടേജ്, DC ശൃംഖലയിലെ പവർ, ആക്ടീവ് പവർ, റിയാക്ടീവ് പവർ, എനർജി, ഫ്രീക്വൻസി, സിംഗിൾ ഫേസ്, ത്രീ ഫേസ് AC ശൃംഖലയിലെ പവർ ഫാക്ടർ എന്നീ വൈദ്യുത പരാമീറ്ററുകൾക്കായി ഉപയോഗിക്കുന്ന അളവു രീതികളും അളക്കുവാനുപയോഗിക്കുന്ന ഉപകരണങ്ങളും; പവർ ഫാക്ടർ മെച്ചപ്പെടുത്തൽ; റിയാക്ടീവ് പവർ നികത്തൽ (കോമ്പൻസേഷൻ).

2. ട്രാൻസ്ഫോർമർ

അടിസ്ഥാനതത്വം, വിവിധതരങ്ങൾ, നിർമ്മിതി, സമാന സർക്യൂട്ട്, വോൾട്ടേജ് റെഗുലേഷൻ, പാരലൽ ഓപ്പറേഷൻ, പ്രതിഷ്ഠിക്കൽ, കമ്മീഷൻ ചെയ്യൽ, പ്രീ കമ്മീഷനിംഗ് പരിശോധനകൾ, അതിനുപയോഗിക്കുന്ന പരിശോധനാ ഉപകരണങ്ങൾ ഇവയെക്കുറിച്ചുള്ള അറിവ്, ട്രാൻസ്ഫോർമർ ഓയിൽ പരിശോധനയും വിശകലനവും; ട്രാൻസ്ഫോർമറിന്റെ വിവിധതരം പ്രൊട്ടക്ഷനുകളും ഉപയോഗിക്കുന്ന റിലേകളും, ട്രാൻസ്ഫോർമറുകളുടെ അഗ്നി സുരക്ഷയെ കുറിച്ചുള്ള അറിവ്, ട്രാൻസ്ഫോർമറുകളുടെ പ്രിവന്റീവ് മെയിന്റനൻസ്.

3. വൈദ്യുത യന്ത്രങ്ങൾ, കേബിളുകൾ, വയറിംഗ്

DC മോട്ടോറുകളുടെയും, AC മോട്ടോറുകളുടെയും അടിസ്ഥാന തത്വം, AC മോട്ടോറുകളുടെ സ്റ്റാർട്ടറുകളും വേഗനിയന്ത്രണവും; വേരിയബിൾ ഫ്രീക്വൻസി ഡ്രൈവറുകളും (VFD) അവയുടെ പ്രയോഗവും, വിവിധ മോട്ടോറുകളുടെ പരിശോധന, പ്രൊട്ടക്ഷൻ, പ്രിവന്റീവ് മെയിന്റനൻസ്.

കേബിളുകൾ:- വിവിധതരം കേബിളുകൾ, അവയുടെ കറണ്ട്, വോൾട്ടേജ് റേറ്റിംഗ്, തെരഞ്ഞെടുക്കൽ, പ്രയോഗം, പ്രതിഷ്ഠാപന രീതികൾ, കേബിൾ പ്രൊട്ടക്ഷനും പരിശോധനയും, ബ്രേക്ക് ഡൗണിനുള്ള കാരണങ്ങൾ, പ്രിവന്റീവ് മെയിന്റനൻസ്, പാർഷ്യൽ ഡിസ്ചാർജ്, തെർമോവിഷൻ പോലെയുള്ള പ്രതിരോധ മാർഗ്ഗങ്ങൾക്കായുള്ള ഉപകരണങ്ങളുടെ രീതികളും ഉപയോഗവും.

വയറിംഗ്:- ഗാർഹികം, വ്യാവസായികം, കൺട്രോൾ വയറിംഗ്

4. പവർ സിസ്റ്റം

a) ഉത്പാദനം:- തെർമൽ, ഹൈഡ്രോ, ന്യൂക്ലിയർ, പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾ, പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ, ഡീസൽ ജനറേറ്റർ സെറ്റുകൾ, വിവിധ ജനറേറ്റർ

പരിശോധന രീതികൾ, ഇവയുടെ സംരക്ഷണം റിലേകളുടെ ഉപയോഗം എന്നിവയെക്കുറിച്ചുള്ള അടിസ്ഥാന വിജ്ഞാനം.

b) പ്രസരണ സംവിധാനം:- ട്രാൻസ്മിഷൻ ലൈൻ വൈദ്യുത പരാമീറ്ററുകൾ, വിവിധതരം കണ്ടക്ടറുകൾ, ടവറുകൾ, ഇൻസുലേറ്ററുകൾ, റിയാക്ടീവ് പവർ കോമ്പൻസേഷൻ, സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി & ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻ 2023 പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള പ്രസരണ ലൈനുകളുടെ അകലങ്ങൾ, പ്രസരണ ലൈനുകളുടെ സംരക്ഷണം, ഇതിനായി ഉപയോഗിക്കുന്ന റിലേകൾ, പ്രസരണ ലൈനുകളുടെ പരിശോധന, പതിവായുള്ള അറ്റകുറ്റപ്പണികൾ എന്നിവയെ കുറിച്ചുള്ള അടിസ്ഥാന വിജ്ഞാനം.

c) വൈദ്യുത സബ് സ്റ്റേഷൻ :- വിവിധതരം സബ്സ്റ്റേഷനുകൾ - എ.ഐ.എസും ജി.ഐ.എസും, രൂപരേഖയും ബസ് ബാർ സ്കീമും, എർത്തിംഗ് രൂപരേഖ, സർക്യൂട്ട് ബ്രേക്കർ, സി.റ്റി, സി.വി.റ്റി/പി.റ്റി, ഐസൊലേറ്റർ, എർത്ത് സ്വിച്ച്, വേവ് ട്രാപ്പ്, സർജ്ജ് അറസ്റ്റർ, എൽ ടി സ്വിച്ച് ഗിയറുകൾ, ഡി സി ബാറ്ററികൾ, ചാർജ്ജറുകൾ, യു.പി.എസ്, സ്കാഡ സിസ്റ്റം, സബ്സ്റ്റേഷനുകളിലെ വിവിധ ഉപകരണങ്ങളുടെ സംരക്ഷണത്തിനായുള്ള പ്രൊട്ടക്ഷൻ സ്കീമും റിലെകളും, വിവിധ ഓപ്പറേഷണൽ ഇന്റർലോക്കുകൾ, സബ്സ്റ്റേഷൻ ഉപകരണങ്ങളുടെ പ്രീ കമ്മീഷനിംഗ് പരിശോധനകൾ, നടപടിക്രമം, പരിശോധന ഉപകരണങ്ങൾ എന്നിവയെക്കുറിച്ചുള്ള അടിസ്ഥാന വിജ്ഞാനം.

5. വിതരണവും എൽ ടി സ്വിച്ച് ഗിയറുകളും - വിതരണ സമ്പ്രദായത്തിൽ ഉപയോഗിക്കുന്ന വൈദ്യുത ഉപകരണങ്ങളായ ഫ്യൂസുകളും, എ.സി.ബി കളും, എം.സി.ബികളും, എം.സി.സി.ബികളും, ഇ.എൽ.സി.ബി/ആർ.സി.സി.ബി, സ്വിച്ച് ബോർഡുകൾ, ബസ് ഡക്റ്റ്, സിംക്രണൈസിംഗ് പാനലുകൾ, ലിങ്ക്ഡ് സ്വിച്ച് വിത്ത് ഫ്യൂസ്, ആർ.എം.യു, എച്ച്.ടി & എൽ.ടി പാനലുകൾ, എ.പി.എഫ്.സി പാനലുകൾ, പി.എൽ.സി ലോജിക് പാനലുകൾ, മേൽപ്പറഞ്ഞ സ്വിച്ച് ഗിയറുകളുടെ പരിശോധന രീതികളും പരിശോധന ഉപകരണങ്ങളും.

6. എർത്തിംഗ്

വിവിധ തരത്തിലുള്ള സിസ്റ്റം എർത്തിംഗ്, ഫാൾട്ട് ലെവൽ നിർണ്ണയിക്കൽ, വിവിധ തരത്തിലുള്ള എർത്തിംഗ് -റോഡ്/പ്ലേറ്റ്, എർത്ത് കണ്ടക്ടർ വലുപ്പം, എർത്ത് റെസിസ്റ്റൻസ് അളക്കലും അതിന് ഉപയോഗിക്കുന്ന ഉപകരണങ്ങളും, സബ്സ്റ്റേഷൻ ഉപകരണങ്ങളുടെ എർത്തിംഗ്, പ്രസരണ വിതരണ ലൈനുകൾ/ടവറുകൾ, കൺസ്യൂമർ പ്രതിഷ്ഠാപനങ്ങളിലെ എർത്തിംഗ്, ഗാർഹിക - വ്യാവസായിക സ്ഥാപനങ്ങളിലെ ഉപകരണങ്ങളുടെ എർത്തിംഗ്.

7. <u>വൈദ്യുതിയിൽ നിന്നും, തീപിടുത്തത്തിൽ നിന്നും ഉള്ള സുരക്ഷ</u>

വൈദ്യുതിയുടെ സുരക്ഷിതമായ ഉപയോഗത്തിനുള്ള വ്യക്തിഗത സുരക്ഷ ഉപകരണങ്ങളായ കൈ ഉറ, റബർ ഷൂസ്, അരപട്ട (ബെൽറ്റ്), എർത്തിംഗ് റോഡ്, കണ്ണട (ഗോഗ്ഗിൾ) മുതലായവ, വ്യത്യസ്തങ്ങളായ വോൾട്ടേജുകൾക്ക് സുരക്ഷിതമായ ജോലി ചെയ്യുന്നതിനുള്ള അകലം, വ്യത്യസ്തങ്ങളായ ഉപയോഗത്തിനുള്ള അഗ്നി ശമന ഉപകരണങ്ങൾ, സ്റ്റാറ്റിക്

ഇലക്ട്രിസിറ്റി, ഇടിമിന്നലിൽ നിന്നുള്ള സുരക്ഷ, വൈദ്യുത സുരക്ഷ ഓഡിറ്റ്, പ്രഥമശുശ്രൂഷ ഇവയെ പറ്റിയുള്ള അടിസ്ഥാന വിജ്ഞാനം.

8. <u>ആക്ടുകൾ, സുരക്ഷ റെഗുലേഷനുകൾ അതുമായി ബന്ധപ്പെട്ട കോഡുകളും സ്റ്റാൻഡേർഡുകളും</u>

ഇലക്ട്രിസിറ്റി ആക്ട് 2003, ഫാക്ടറി ആക്ട് 1948, സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേർസ് റിലേറ്റിംഗ് ടു സേഫ്റ്റി & ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023, സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (ടെക്നിക്കൽ സ്റ്റാൻഡേർഡ്സ് ഫോർ കൺസ്ട്രഷൻ ഓഫ് ഇലക്ട്രിക്കൽ പ്ലാന്റ്സ് ആന്റ് ലൈൻസ്) റെഗുലേഷൻസ്, 2022, സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (ടെക്നിക്കൽ സ്റ്റാൻഡേർഡ്സ് ഫോർ കണക്ടിവിറ്റി ടു ഗ്രിഡ്) റെഗുലേഷൻ 2007, സി.ഇ.എ റെഗുലേഷനിൽ പ്രതിപാദിച്ചിരിക്കുന്ന അല്ലെങ്കിൽ, വൈദ്യുതിയുടെ ഉത്പാദനം, പ്രസരണം, വിതരണം, പരിശോധനാ നടപടിക്രമം, സ്വിച്ചുകളുടെയും ഉപകരണങ്ങളുടെയും എർത്തിംഗ്, അഗ്നിസുരക്ഷ, എന്നിവയുമായി ബന്ധപ്പെട്ട ഐഎസ്/എൻ.ഇ.സി/ഐ.ഇ.സി സ്റ്റാൻഡേർഡുകൾ മുതലായവ, നാഷണൽ ഇലക്ട്രിക് കോഡ്, നാഷണൽ ബിൽഡിംഗ് കോഡ്, മുകളിൽ പറഞ്ഞ ആക്ടുകളുടെയും, റെഗുലേഷൻസിലേയും, കോഡിലെയും, സ്റ്റാൻഡേർഡ്സിലെയും കാലാകാലങ്ങളിലുള്ള പരിഷ്ക്കരണങ്ങൾ, മിന്നൽ രക്ഷാചാലകത്തെക്കുറിച്ചുള്ള അനുബന്ധ ഇൻഡ്യൻ സ്റ്റാൻഡേർഡ്സ്.

# **അനുബന്ധം III**

കേരള സർക്കാർ

............ തീയതിയിലെ ജി ഒ ............................... ക്രമ നമ്പർ 3 (5)

ഫയൽ നം:...........................

**ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനീയർ – യോഗ്യതാ സാക്ഷ്യപത്രം**

നമ്പർ:സി.ഇ.എസ്.ഇ/.................

| സമീപകാലത്ത് എടുത്ത കളർ പാസ്പോർട്ട് സൈസ് ഫോട്ടോ |
|---|
| ഒപ്പ് |

ശ്രീ/ ശ്രീമതി......................................... ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർ യോഗ്യത നേടുന്നതിലേക്കുള്ള (............. തീയതിയിലെ ................റോൾ നമ്പർ) പരീക്ഷ/ അഭിമുഖം ജയിച്ചതിനാൽ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി ആൻഡ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023 –ലെ റെഗുലേഷൻ 6 പ്രകാരം ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർ ആയി അംഗീകാരം നൽകുന്നു.

നിബന്ധനകൾ:

1. നിലവിലെ റെഗുലേഷനുകൾ/സ്റ്റാൻഡേർഡുകൾ/സർക്കാർ ഉത്തരവുകൾ പ്രകാരവും ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ / ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ അല്ലെങ്കിൽ അദ്ദേഹത്തിന്റെ നോമിനിയുടെ പരിശോധനാ പരിധിയിൽ പ്പെടാത്തതുമായ പ്രതിഷ്ഠാപനങ്ങളുടെ പരിശോധനകളാണ് ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർമാർ നടത്തേണ്ടതാണ്.
2. ടി പരിശോധനകളുടെ വിവരങ്ങൾ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി ആൻഡ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023 ലെ ഫോറം I/II ൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഈ ഫോറം ഉടമസ്ഥൻ/ ഉപഭോക്താവ്/ സപ്ലയർ സാക്ഷ്യപ്പെടുത്തി അതാത് ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്ക് 7 പ്രവർത്തി ദിവസങ്ങൾക്കകം സമർപ്പിക്കേണ്ടതാണ്.
3. ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർമാർ നടത്തുന്ന പരിശോധനകൾ സംബന്ധിച്ച വിവരങ്ങൾ ഡിജിറ്റൽ / റെക്കോർഡ് **ആയി** അനുബന്ധം X ൽ പറയുന്ന ഫോമിൽ സൂക്ഷിക്കേണ്ടതും ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ

ഇൻസ്പെക്ടർ/ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ആവശ്യപ്പെടുന്നതനുസരിച്ച് പരിശോധനക്ക് സമർപ്പിക്കേണ്ടതുമാണ്.

4. ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർമാർമാരുടെ പരിശോധനയിൽ, ഏതെങ്കിലും പ്രതിഷ്ഠാപനം അപകടകരമായ അവസ്ഥയിൽ ആണെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ വിവരം 48 മണിക്കൂറിനകം ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/ഇലക്ട്രിക്കൽ ഇൻസ്പെക്ടറെ അറിയിക്കേണ്ട താണ്.
5. ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർമാർ നടത്തുന്ന പരിശോധനകൾക്ക് ഈടാക്കാവുന്ന ഫീസ് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന പ്രകാരമായിരിക്കും.
6. പരിശോധനയുമായി ബന്ധപ്പെട്ട് ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയറും ഉടമസ്ഥൻ/ഉപഭോക്താവ്/സപ്ലൈയർ ഉം തമ്മിൽ എന്തെങ്കിലും തർക്കം ഉണ്ടായാൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അല്ലെങ്കിൽ അദ്ദേഹത്തിന്റെ നോമിനിയുടെ തീരുമാനം അന്തിമമായിരിക്കും.
7. ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർമാർ നടത്തിയ പരിശോധന തൃപ്തികരമല്ലെന്ന് ബോധ്യപ്പെടുന്ന പക്ഷം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അല്ലെങ്കിൽ അദ്ദേഹത്തിന്റെ നോമിനിക്ക് വീണ്ടും പരിശോധന നടത്താവുന്നതാണ്.
8. ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർമാർ പരിശോധനയ്ക്കായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ, സർക്കാർ അംഗീകൃത ലാബുകളിൽ വർഷത്തിൽ ഒരിക്കൽ പരിശോധിച്ചിരിക്കേണ്ടതാണ്.
9. ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർമാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്ക് ടി സർട്ടിഫിക്കറ്റ് 5 വർഷം വീതം പുതുക്കി നൽകാവുന്നതാണ്. 70 വയസ്സ വരെ മാത്രമേ ഇപ്രകാരം പുതുക്കി നൽകാൻ സാധിക്കുകയുള്ളൂ.
10. ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർമാർ തന്റെ ചുമതലകളിൽ മനഃപൂർവ്വം വീഴ്ച വരുത്തുകയോ അഴിമതിയിൽ ഏർപ്പെടുകയോ തന്റെ അധികാരപരിധിയിൽ വരാത്ത പ്രതിഷ്ഠാപനങ്ങൾ സർട്ടിഫൈ ചെയ്യുകയോ പ്രതിഷ്ഠാപനത്തിന്റെ സുരക്ഷയെ നേരിട്ടോ അല്ലാതെയോ ബാധിക്കുന്ന കാര്യങ്ങൾ ചെയ്യുന്നതായി ബോധ്യപ്പെടുകയോ ചെയ്താൽ, അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അല്ലെങ്കിൽ അദ്ദേഹത്തിന്റെ നോമിനിക്ക് ടിയാളുടെ അംഗീകാരം താൽക്കാലികമായോ സ്ഥിരമായോ റദ്ദ് ചെയ്യുന്നതായിരിക്കും.

തീയതി: ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ

ഓഫീസ് മുദ്ര

# <u>അനുബന്ധം IV</u>

കേരള സർക്കാർ

............ തീയതിയിലെ ജി ഒ ............. ക്രമ നമ്പർ 3 (5)

ഫയൽ നം..................

**ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനീയർ – യോഗ്യതാ സാക്ഷ്യപത്രം**

നമ്പർ ................... / വർഷം

| സമീപകാലത്ത് എടുത്ത കളർ പാസ്പോർട്ട് സൈസ് ഫോട്ടോ |
| --- |
| ഒപ്പ് |

ശ്രീ / ശ്രീമതി ........................................... പരീക്ഷ/ അഭിമുഖം കൂടാതെ (നേരിട്ട്) ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർ അംഗീകാരം ലഭിക്കുന്നതിന് അർഹതപ്പെട്ട വിഭാഗത്തിലുള്ള വ്യക്തി ആയതിനാൽ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി ആൻഡ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023 –ലെ റെഗുലേഷൻ 6 പ്രകാരം ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർ ആയി അംഗീകാരം നൽകുന്നു.

നിബന്ധനകൾ:

1. നിലവിലെ റെഗുലേഷനുകൾ/സ്റ്റാൻഡേർഡുകൾ/സർക്കാർ ഉത്തരവുകൾ പ്രകാരവും ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ / ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ അല്ലെങ്കിൽ അദ്ദേഹത്തിന്റെ നോമിനിയുടെ പരിശോധനാ പരിധിയിൽ പ്പെടാത്തതുമായ പ്രതിഷ്ഠാപനങ്ങളുടെ പരിശോധനകളാണ് ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർമാർ നടത്തേണ്ടത്.
2. ടി പരിശോധനകളുടെ വിവരങ്ങൾ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി ആൻഡ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് <u>2023 ലെ ഫോറം I/ II- ൽ</u> രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഈ ഫോറം ഉടമസ്ഥൻ/ ഉപഭോക്താവ്/ സപ്ലയർ സാക്ഷ്യപ്പെടുത്തി അതാത് ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്ക് 7 പ്രവർത്തി ദിവസങ്ങൾക്കകം സമർപ്പിക്കേണ്ടതാണ്.
3. ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർമാർ നടത്തുന്ന പരിശോധനകൾ സംബന്ധിച്ച വിവരങ്ങൾ ഡിജിറ്റൽ / റെക്കോർഡ് ആയി അനുബന്ധം X ൽ പറയുന്ന ഫോമിൽ സൂക്ഷിക്കേണ്ടതും ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ

ഇൻസ്പെക്ടർ/ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ആവശ്യപ്പെടുന്നതനുസരിച്ച് പരിശോധനക്ക് സമർപ്പിക്കേണ്ടതുമാണ്.

4. ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർമാർമാരുടെ പരിശോധനയിൽ, ഏതെങ്കിലും പ്രതിഷ്ഠാപനം അപകടകരമായ അവസ്ഥയിൽ ആണെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ വിവരം 48 മണിക്കൂറിനകം ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/ഇലക്ട്രിക്കൽ ഇൻസ്പെക്ടറെ അറിയിക്കേണ്ടതാണ്.
5. ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർമാർ നടത്തുന്ന പരിശോധനകൾക്ക് ഈടാക്കാവുന്ന ഫീസ് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന പ്രകാരമായിരിക്കും.
6. പരിശോധനയുമായി ബന്ധപ്പെട്ട് ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയറും ഉടമസ്ഥൻ/ഉപഭോക്താവ്/സപ്ലൈയർ ഉം തമ്മിൽ എന്തെങ്കിലും തർക്കം ഉണ്ടായാൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അല്ലെങ്കിൽ അദ്ദേഹത്തിന്റെ നോമിനിയുടെ തീരുമാനം അന്തിമമായിരിക്കും.
7. ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർമാർ നടത്തിയ പരിശോധന തൃപ്തികരമല്ലെന്ന് ബോധ്യപ്പെടുന്ന പക്ഷം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അല്ലെങ്കിൽ അദ്ദേഹത്തിന്റെ നോമിനിക്ക് വീണ്ടും പരിശോധന നടത്താവുന്നതാണ്.
8. ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർമാർ പരിശോധനയ്ക്കായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ, സർക്കാർ അംഗീകൃത ലാബുകളിൽ വർഷത്തിൽ ഒരിക്കൽ പരിശോധിച്ചിരിക്കേണ്ടതാണ്.
9. ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർമാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്ക് ടി സർട്ടിഫിക്കറ്റ് 5 വർഷം വീതം പുതുക്കി നൽകാവുന്നതാണ്. 70 വയസ്സു വരെ മാത്രമേ ഇപ്രകാരം പുതുക്കി നൽകാൻ സാധിക്കുകയുള്ളൂ.
10. ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർമാർ തന്റെ ചുമതലകളിൽ മനഃപൂർവ്വം വീഴ്ച വരുത്തുകയോ അഴിമതിയിൽ ഏർപ്പെടുകയോ തന്റെ അധികാരപരിധിയിൽ വരാത്ത പ്രതിഷ്ഠാപനങ്ങൾ സർട്ടിഫൈ ചെയ്യുകയോ പ്രതിഷ്ഠാപനത്തിന്റെ സുരക്ഷയെ നേരിട്ടോ അല്ലാതെയോ ബാധിക്കുന്ന കാര്യങ്ങൾ ചെയ്യുന്നതായി ബോധ്യപ്പെടുകയോ ചെയ്താൽ, അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അല്ലെങ്കിൽ അദ്ദേഹത്തിന്റെ നോമിനിക്ക് ടിയാളുടെ അംഗീകാരം താൽക്കാലികമായോ സ്ഥിരമായോ റദ്ദ് ചെയ്യുന്നന്നതായിരിക്കും.

തീയതി: ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ

ഓഫീസ് മുദ്ര

## അനുബന്ധം V

........... തീയതി ജി ഒ ............ ക്രമ നമ്പർ 7 (3)

ഫയൽ നം............................

**ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനീയർമാർക്ക് രജിസ്ട്രേഷൻ**

**പുതുക്കുന്നതിനുളള അപേക്ഷ**

| സമീപകാലത്ത് എടുത്ത കളർ പാസ്പോർട്ട് സൈസ് ഫോട്ടോ |
|---|

| | | |
|---|---|---|
| 1 | പേര്<br>മാതൃഭാഷയിൽ<br>In English (Block letters) | |
| 2 | ലിംഗം | പുരുഷൻ ☐ സ്ത്രീ ☐<br>ട്രാൻസ്ജെൻഡർ ☐ |
| 3 | ജനന തീയതി | |
| 4 | മേൽ വിലാസം | |
| 5 | യോഗ്യതാ സാക്ഷ്യപത്രത്തിന്റെ നമ്പരും തീയതിയും | |
| 6 | രജിസ്റ്റർ നമ്പർ, തീയതി, കാലാവധി | |
| 7 | അപേക്ഷ 3 മാസത്തിനു മുമ്പ് സമർപ്പിച്ചിട്ടുണ്ടോ | |
| 8 | ഫീസ് വിവരങ്ങൾ<br>പിഴ വിവരം | |

ഇവിടെ കൊടുത്തിരിക്കുന്ന രേഖകളും, വിവരങ്ങളും സത്യസന്ധമാണെന്ന് സത്യപ്രസ്താവന ചെയ്യുന്നു. മേൽ നൽകിയ വിവരങ്ങൾ തെറ്റാവുകയോ തെറ്റിദ്ധരിപ്പിക്കുകയോ ആണെങ്കിൽ അപേക്ഷ/രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്നും സമ്മതിച്ചു കൊള്ളുന്നു

ഒപ്പ് :

തീയതി: അപേക്ഷകന്റെ പേര് :

ഉള്ളടക്കം :

1. ഫീസ് ഒടുക്കിയതിന്റെ രസീത്
2. പരിശോധന ഉപകരണങ്ങളുടെ ടെസ്റ്റ് റിപ്പോർട്ട്
3. രജിസ്ട്രേഷൻ ഒറിജിനൽ + കോപ്പി
4. സ്വന്തം മേൽ വിലാസം എഴുതിയ 30/– രൂപ സ്റ്റാമ്പ് പതിപ്പിച്ച കവർ

## അനുബന്ധം VI

കേരള സർക്കാർ

............ തീയതി ജി ഒ ............. ക്രമ നമ്പർ 3 (2, 3), 7 (2, 4)

### ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനീയർമാരുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

രജിസ്റ്റർ നമ്പർ .................... / വർഷം

| |
|---|
| സമീപ കാലത്ത് എടുത്ത കളർ പാസ്പോർട്ട് സൈസ് ഫോട്ടോ |
| ഒപ്പ് |

| | | |
|---|---|---|
| 1 | പേര്<br>മാതൃഭാഷയിൽ<br>In English (Block letters) | |
| 2 | ലിംഗം | പുരുഷൻ ☐ സ്ത്രീ ☐<br>ട്രാൻസ്ജെൻഡർ ☐ |
| 3 | ജനന തീയതി, വയസ്സ് | |
| 4 | മേൽ വിലാസം | |
| 5 | ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനീയർ യോഗ്യത സാക്ഷ്യപത്രം നമ്പർ & തീയതി | |

സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി ആൻഡ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023 ലെ റെഗുലേഷൻ 6 പ്രകാരം ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർ ആയി അംഗീകാരം നേടിയ താങ്കളെ ഈ ഓഫീസിൽ രജിസ്റ്റർ ചെയ്തിരിക്കുന്നു.

ഒപ്പ് :

അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ

തിരുവനന്തപുരം

തീയതി : ഓഫീസ് മുദ്ര

നോട്ട് :സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി ആൻഡ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023 പ്രകാരം സെൽഫ് സർട്ടിഫിക്കേഷൻ നടത്തുന്നതിന് അധികാരപ്പെടുത്തിയിരിക്കുന്നു.

| നമ്പർ | രജിസ്റ്റർ ചെയ്ത/ പുതുക്കിയ തീയതി | കാലാവധി തീരുന്ന തീയതി | രജിസ്റ്റർ / പുതുക്കൽ ഫീസ് വിവരം | ക്ലർക്ക് | സൂപ്രണ്ട് | ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ |
|---|---|---|---|---|---|---|
| | | | | | | |

അനുബന്ധം VII

**കേരള സർക്കാർ**

........... തീയതിയിലെ ജി.ഒ ...................................ക്രമനമ്പർ 8(2)

ഫയൽ നം..................

സെൽഫ് സർട്ടിഫിക്കേഷൻ റിപ്പോർട്ട് അംഗീകാരം

സ്വീകർത്താവ്,

പേര്, വിലാസം (സപ്ലയർ /ഉടമ/ഉപഭോക്താവ്)

വിഷയം: സപ്ലയർ /ഉടമ/ഉപഭോക്താവിന്റെ വിലാസം - പ്രതിഷ്ഠാപനത്തിന്റെ സപ്ലയർ /ഉടമ/ഉപഭോക്താവിന്റെ പേര് സമർപ്പിക്കുന്ന സെൽഫ് സർട്ടിഫിക്കേഷൻ റിപ്പോർട്ട് അംഗീകാരം

സൂചന: 1. സപ്ലയർ/ഉടമ/ഉപഭോക്താവിന്റെ പേര് ..................... തീയതിയിൽ സമർപ്പിച്ച സെൽഫ് സർട്ടിഫിക്കേഷൻ റിപ്പോർട്ട്.

2.ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനീയർ യോഗ്യത സാക്ഷ്യപത്രത്തിന്റെ നമ്പരും, രജിസ്ട്രേഷൻ നമ്പരും

(സപ്ലയർ/ഉടമ/ഉപഭോക്താവിന്റെ പേര്) സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേർസ് റിലേറ്റിംഗ് ടു സേഫ്റ്റി & ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻ 2023 പ്രകാരം സെൽഫ് സർട്ടിഫിക്കേഷൻ റിപ്പോർട്ട് നൽകുകയും ഈ ഓഫീസിൽ നിന്നും ഉള്ള അംഗീകാരത്തിനായി അപേക്ഷിക്കുകയും ചെയ്തു. ഉപകരണങ്ങളുടെ വിവരങ്ങൾ താഴെപറയും പ്രകാരം ആണ്.

| ക്രമ നം. | ഉപകരണത്തിന്റെ പേര്, വോൾട്ടേജ്, കപ്പാസിറ്റി എന്നിവ | എണ്ണം |
|---|---|---|
| | | |
| | | |

സപ്ലയർ/ഉടമ/ഉപഭോക്താവിന്റെ പേര് സമർപ്പിച്ച സപ്ലയർ /ഉടമ/ഉപഭോക്താവിന്റെ വിലാസം പ്രതിഷ്ഠാപനത്തിന്റെ സെൽഫ് സർട്ടിഫിക്കേഷൻ റിപ്പോർട്ട് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി ആൻഡ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023 പ്രകാരം തൃപ്തികരമായതിനാൽ അംഗീകരിക്കുന്നു. സെൽഫ് സർട്ടിഫിക്കേഷൻ റിപ്പോർട്ടിന്റെ അംഗീകാരം സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേർസ് റിലേറ്റിംഗ് ടു സേഫ്റ്റി & ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻ 2023 ന്റെ അനുയോജ്യമായ വ്യവസ്ഥകൾ പ്രകാരം ആണ്.

ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർ

തീയതി:

.....................................................................................................................

(ഓഫീസ് ആവശ്യത്തിന്)

ഫയൽ നം. മേൽ ഒപ്പ്

ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/ഇലക്ട്രിക്കൽ ഇൻസ്പെക്ടർ

രജിസ്റ്റർ നമ്പർ

## അനുബന്ധം VIII

കേരള സർക്കാർ

........... തീയതിയിലെ ജി.ഒ ....................................ക്രമനമ്പർ 8(2)

ഫയൽ നം............................

സെൽഫ് സർട്ടിഫിക്കേഷൻ റിപ്പോർട്ടിലെ ന്യൂനതകൾ പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ

സ്വീകർത്താവ്,

സപ്ലയർ/ഉടമ/ഉപഭോക്താവിന്റെ പേരും മേൽവിലാസം

വിഷയം: സപ്ലയർ /ഉടമ/ഉപഭോക്താവിന്റെ പേര് സമർപ്പിച്ച പ്രതിഷ്ഠാപനത്തിന്റെ വിലാസം ന്റെ സെൽഫ് സർട്ടിഫിക്കേഷൻ റിപ്പോർട്ടിലെ ന്യൂനതകൾ പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ

സൂചന: 1. സപ്ലയർ /ഉടമ/ഉപഭോക്താവിന്റെ പേര് ...................... തീയതിയിൽ സമർപ്പിച്ച സെൽഫ് സർട്ടിഫിക്കേഷൻ റിപ്പോർട്ട്.

2. ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനീയർ യോഗ്യത സാക്ഷ്യപത്രത്തിന്റെ നമ്പരും, രജിസ്ട്രേഷൻ നമ്പരും

സൂചനയിലെ സപ്ലയർ/ഉടമ/ഉപഭോക്താവിന്റെ പേര് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി ആൻഡ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023 പ്രകാരം സമർപ്പിച്ച പ്രതിഷ്ഠാപനത്തിന്റെ വിലാസം ന്റെ സെൽഫ് സർട്ടിഫിക്കേഷൻ റിപ്പോർട്ട് അംഗീകരിക്കുവാൻ അപേക്ഷ ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് പ്രകാരം ന്യൂനതകൾ താഴെ പറയും പ്രകാരം ആണ്.

| ക്രമ നം. | റെഗുലേഷൻ | ന്യൂനതകളുടെ വിവരം | നിർദ്ദേശങ്ങൾ |
|---|---|---|---|
| | | | |
| | | | |

മുകളിൽ പരാമർശിച്ചിരിക്കുന്ന ന്യൂനതകൾക്ക് ന്യൂനതാ പരിഹാര റിപ്പോർട്ട് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി & ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻ 2023 ന് അനുസൃതമായി ഈ കത്ത് ലഭിച്ച് 15 ദിവസത്തിനുള്ളിൽ സമർപ്പിക്കണം. ഇപ്രകാരം ചെയ്യാത്ത പക്ഷം ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർ

.................................................................................................................................

(ഓഫീസ് ആവശ്യത്തിന്)

ഫയൽ നം. മേൽ ഒപ്പ്

ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/ഇലക്ട്രിക്കൽ ഇൻസ്പെക്ടർ

രജിസ്റ്റർ നമ്പർ

## അനുബന്ധം IX

പേര് :..................................................................... തീയതിയിലെ ജി.ഒ ....................................................... ക്രമ നം 8(3)

ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനീയറുടെ പേര്: ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനീയർ രജിസ്റ്റർ നം

വാലിഡിറ്റി:

ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനീയർ സെല്ഫ് സർട്ടിഫിക്കേഷൻ രജിസ്റ്റർ

| നം. | പ്രതിഷ്ഠാപനത്തിന്റെ പേരും മേൽ വിലാസവും | പരിശോധന തീയതി | ഇലക്ട്രിക്കൽ സെക്ഷൻ | കൺസ്യൂമർ നമ്പർ | പ്രതിഷ്ഠാപനത്തിലെ വിവരങ്ങൾ | ന്യൂനതകൾ / നിയമ ലംഘനങ്ങൾ | സ്വയം സാക്ഷ്യപ്പെടുത്തിയ തീയതി | ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്ക് സമർപ്പിച്ച തീയതി | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |

അനുബന്ധം X

കേരള സർക്കാർ

............ തീയതിയിലെ ജി.ഒ ....................................ക്രമനമ്പർ 9(5)

പരിശോധനാ ഉപകരണങ്ങൾ

01. വോൾട്ട്മീറ്റർ: പൊട്ടൻഷ്യൽ ഡിഫറൻസ് അളക്കുന്നതിനുള്ള ഉപകരണം.

02. അമ്മീറ്റർ: ഇലക്ട്രിക് കറന്റ് ആമ്പിയറിൽ അളക്കുന്നതിനുള്ള ഉപകരണം.

03. മൾട്ടിമീറ്റർ: വോൾട്ടേജ്, കറന്റ്, റെസിസ്റ്റൻസ് മുതലായവ അളക്കുന്നതിനുള്ള ഉപകരണം.

04. ഇൻസുലേഷൻ ടെസ്റ്റർ: ഇലക്ട്രിക്കൽ ഇൻസുലേഷന്റെ റെസിസ്റ്റൻസ് അളക്കുന്നതിനുള്ള ഉപകരണം.

05. ലൈൻ ടെസ്റ്റർ.

06. ടോങ്ങ് ടെസ്റ്റർ: ഉയർന്ന ആമ്പിയറിൽ ഉള്ള ഏ.സി കറന്റ് അളക്കുന്നതിനുള്ള സി.റ്റി യോടു കൂടെയുള്ള ഉപകരണം.

07. എർത്ത് ടെസ്റ്റർ : എർത്ത് റെസിസ്റ്റൻസ് അളക്കുന്നതിനുള്ള ഉപകരണം.

08. മറ്റു പരിശോധനാ ഉപകരണങ്ങൾ: ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ / ഇലക്ട്രിക്കൽ ഇൻസ്പെക്ടർ നിർദ്ദേശിക്കുന്നത്.

സുരക്ഷാ ഉപകരണങ്ങൾ

09. സേഫ്റ്റി ഹെൽമെറ്റ്: IS 2925 പ്രകാരം ഉള്ളത്.

10. സേഫ്റ്റി ബെൽറ്റ്: IS 2921 പ്രകാരം ഉള്ളത്.

11. സേഫ്റ്റി ഷൂ: ഇൻഡ്യൻ സ്റ്റാൻഡേഡ് പ്രകാരം ഉള്ളത്.

**12.** കൈയുറ (ഗ്ലൗസ്): ഇൻഡ്യൻ സ്റ്റാൻഡേഡ് പ്രകാരം ഉള്ളത്.